# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

ഗവ. യു.പി.എസ്. വേഴാപ്ര

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എൽ.പി.എസ്., വേഴപ്ര |
| വിലാസം | : | വേഴപ്ര പി.ഒ., രാമങ്കരി<br>ആലപ്പുഴ |
| ക്ലാസ്സുകൾ | : | I - IV |
| ഫോൺ | : | 9446952455 |
| സ്കൂൾ കോഡ് | : | 46408 |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| വിദ്യാഭ്യാസ ഉപജില്ല | : | വെളിയനാട് |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി. അർ. സി. | : | വെളിയനാട് |
| സി. ആർ. സി. | : | ഗവ. യു.പി.എസ്. വേഴാപ്ര |
| ഗ്രാമപഞ്ചായത്ത് | : | രാമങ്കരി |
| ബ്ലോക്ക് പഞ്ചായത്ത് | : | വെളിയനാട് |
| നിയമസഭാ മണ്ഡലം | : | കുട്ടനാട് |
| ലോക സഭാ മണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | കുട്ടനാട് |
| വില്ലേജ് | : | രാമങ്കരി |
| ഇ മെയ്ൽ | : | vezhapraglps@gmail.com |
| പ്രധാനാധ്യാപക | : | അനിത ജേക്കബ് |
| എസ്.എം.സി ചെയർമാൻ | : | ഇന്ദു എ. |

# ആമുഖം

പ്രവർത്തന മികവുകൊണ്ട് ശ്രദ്ധേയമായ വിദ്യാലയമാണ്. ഗവ LPGS വേഴപ്ര ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസ കുതിപ്പുകൾക്ക് അടിത്തറ പക രുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന വിദ്യാലയ മുത്തശ്ശിയാണ് ഈ വിദ്യാലയം. പൊതു സംരക്ഷണ വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗ മായി വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കായി എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാ ക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന രീതിയി ലാണ് ഈ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# <u>വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്</u>

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിന്റെ നിലവാരത്തിനൊത്ത് ഉയർന്ന ശേഷികൾ കൈവരിക്കേണ്ടതുണ്ട്.
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കണം.
- കുട്ടികളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് കലാസാഹിത്യ കായികാഭിരുചികൾ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.
- അക്കാദമിക മേഖലകളെ ഉപമേഖലകളായി തിരിച്ച് ഭാഷാ, ഇംഗ്ലിഷ്, ഗണിതം, പരിസരപഠന എന്നിവയിൽ ശേഷി ബന്ധിതമായി. പ്രവർത്തനങ്ങൾ നടപ്പാക്കൽ.
- ശുചിത്വം, ദീനാനുകമ്പ, പരസ്പരം സഹകരണ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള  സാഹചര്യം ഒരുക്കൽ.
- പാഠം – പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയം അന്തരീക്ഷം സൃഷ്ടിക്കൽ.
- പാരിസ്ഥിതിക ബോധത്തോടെ ജീവിക്കാനും നിലവിലുള്ള വിഭവങ്ങളെ ചൂഷണം ചെയ്യാതെ കരുതലോടെ ഉപയോഗിക്കാനുള്ള മനോഭാവം എല്ലാ കുട്ടികളിലും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- ഓരോ വിദ്യാർത്ഥിക്കു വിദ്യാലയന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാർത്ഥികളും അധ്യാപകരും വിദ്യാർത്ഥികൾ തമ്മിലും അധ്യാപകരും രക്ഷിതാക്കളും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## വിദ്യാലയ ചരിത്രം

132 വർഷം പഴക്കമുള്ള ഈ സരസ്വതി ക്ഷേത്രം സ്ഥാപിതമായത് 1893-ൽ ആണ്. 144/20 $A_1$ എന്ന സർവേ നമ്പറിലുള്ള 28 സെന്റാണ് ഈ സ്കൂൾ. കയ്യത്ര കുടുംബത്തിലെ ഗോവിന്ദക്കുറുപ്പ്, കൃഷ്ണകുറുപ്പ് ദാനമായി നൽകിയതാണ്. ഈ വിദ്യാലയം. രമാങ്കരി പഞ്ചായത്തിലെ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂൾ വേഴപ്രയിലെയും പരിസര പ്രദേശങ്ങളിലെയും ആശാകേന്ദ്രമായിരുന്നു. ഗതാഗത സൗകര്യം ഒട്ടുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ എടത്വ, തലവടി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വരെ കുട്ടികൾ വള്ളത്തിലും മറ്റും എത്തിയാണ് പഠിച്ചിരുന്നത്. ഗതാഗത സൗകര്യത്തിന്റെ കുറവും വെള്ളപ്പൊക്കവും മൂലം കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. എന്നാലും അക്കാദമിക കലാകായി പ്രവൃത്തിപരിചയ മേഖലകളിൽ വിദ്യാലയം ഉന്നത വിജയം കരസ്ഥമാക്കിയിട്ടുണ്ട്.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതിക നേട്ടങ്ങൾ

SSK യുടെ വർണ്ണകൂടാരം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രീ പ്രൈമറി ഹൈടെക് ആയി നവീകരിച്ചു. SSK യുടെ സഹായത്തോടെ ഒരു ഹൈടെക് ക്ലാസ്റൂം പണി കഴിപ്പിച്ചിട്ടുണ്ട്. സ്കൂളിന്റെ മുറ്റം ഇന്റർലോക്ക് ചെയ്തിട്ടു ണ്ട്. സ്കുളിനുചുറ്റും മതിലും, ഗേറ്റോടുകൂടിയ കവാടവും ഉണ്ട്. ഭക്ഷണം പാകം ചെയ്യുന്നതിനായി അടുക്കളയും കൈ കഴുകുന്നതിനുള്ള മതിയായ സംവിധാനവും ഉണ്ട്. 4 ശൗചാലയവും നിലവിൽ ഉണ്ട്. മാലിന്യ സംസ്കാരണത്തിനായും ജൈവ – അജൈവ ബിന്നുകൾ ഉണ്ട്.

രാമങ്കരി പഞ്ചായത്തിലെ മികച്ച ഹരിത വിദ്യാലയം അവാർഡ് ലഭിച്ചി ട്ടുണ്ട്.

## ഭൗതിക പരിമിതികൾ

132 വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് പ്രീ പ്രൈമറി മുതൽ 4-ാം ക്ലാസ് വരെ പ്രവർത്തിക്കുന്നത്. ഇതിൽ 2 ക്ലാസ്റൂമും ഒരു ഹാളുമാണുള്ളത്. കുടി വെള്ളം ക്ഷാമം നേരിടുന്നുണ്ട്.

- പച്ചക്കറിത്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ശൗചാലയം നിലവിൽ ഇല്ല.
- കുട്ടികൾക്കായുള്ള കളിസ്ഥലം ഇല്ല.
- ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്.
- സ്കൂൾ ലൈബ്രറി, ശാസ്ത്ര ലാബ് എന്നിവയ്ക്ക് പ്രത്യേക കെട്ടിടമില്ല.

# നിലവിലെ അവസ്ഥ വിശകലനം

## അക്കാദമിക നേട്ടങ്ങൾ

- എല്ലാ കുട്ടികൾക്കും, അക്ഷരങ്ങളും, ചതുഷ്ക്രികളും ഉറപ്പിക്കൽ.
- സ്കൂൾ തലം – ഉപജില്ലാ തല ക്വിസ് മത്സരങ്ങൾ, വാങ്മയം, പരീക്ഷകളിൽ പങ്കാളിത്തം.
- അക്ഷരമുറ്റം, എസ്.എച്ച്. ശതാബ്ദി സ്മാരക ക്വിസ് മത്സരമായ എന്നിവ യിൽ ഒന്നാം സ്ഥാനത്തോടെ മികച്ച വിജയം.
- L.S.S. സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം (രാമങ്കരി പഞ്ചായ ത്തിലെ ഏക വിദ്യാലയം)
- ഉപജില്ല കലാശാസ്ത്ര പ്രവൃത്തി പരിചയ മേളയിൽ  ഉപജില്ലാ തലത്തിൽ മൂന്നാം സ്ഥാനവും ഗണിത ശാസ്ത്ര മേളയിൽ ഒന്നാം സ്ഥാനവം ശാസ്ത്ര മേളയിൽ രണ്ടാം സ്ഥാനവും കലോത്സവത്തിൽ ഉപജില്ലാ തലത്തിൽ നാലാം സ്ഥാനവും കരസ്ഥമാക്കി

## അക്കാദമിക് പരിമിതികൾ

വിവിധ മത്സര പരീക്ഷകളിൽ കൂടുതൽ മികവുകൾ നേടേണ്ടതാണ്. മല യാളം ഇംഗ്ലീഷ് ഭാഷകൾ ഉപയോഗിക്കാനും അനായാസം കൈകാര്യം ചെയ്യാനും പരിശീലിപ്പിക്കൽ.

# ഭാഷ വികാസം - മലയാളം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുക | • പദകാർഡ്, വായനക്കാർഡ് നിർമ്മാണം<br>• സചിത്രനോട്ട് ബുക്ക് പ്രവർത്തനങ്ങൾ<br>• വായനോത്സവം സംഘടിപ്പിക്കുന്നു.<br>• ക്ലാസ് വായനക്കൂട്ടം<br>• ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.<br>• പത്രവായന<br>• വായനാനുഭവം, വായനക്കുറുപ്പികൾ തയ്യാറാക്കൽ<br>• ഡയറി | ജൂൺ -<br>ഫെബ്രുവരി | SRG<br>ക്ലാസ് അധ്യാപിക |
| 2. | കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക | • പതിപ്പുകൾ മാഗസിൻ നിർമ്മാണം.<br>• കഥപറച്ചിൽ, കഥാകഥനം, കവിതാലാപനം, കവിത രചന, കഥാരചന, മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>• ദൃശ്യാവിഷ്കാരം<br>• നാടകവിഷ്കാരം<br>• ബാലസഭ | ജൂൺ -<br>ഫെബ്രുവരി | SRG<br>PTA<br>ക്ലാസ് അധ്യാപിക |

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 3. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു. | • പ്രസംഗ മത്സരങ്ങൾ<br>• വിശകലനക്കുറിപ്പുകൾ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കൽ<br>• അഭിമുഖങ്ങൾ സംഘടിപ്പിക്കൽ | ജൂൺ -<br>ഫെബ്രുവരി | SRG<br>ക്ലാസ് അധ്യാപിക |
| 4. | ഭാഷാശേഷി വികാസത്തിൽ ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | • വാർത്തകൾ (Audio & Video) കാണുകയും കേൾക്കുവാനുമുള്ള അവസരം.<br>• E-വായന<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നോട്ടീസ് തയ്യാറാക്കൽ | ജൂൺ -<br>ഫെബ്രുവരി | SRG<br>ക്ലാസ് അധ്യാപിക |

# ഭാഷ വികാസം – ഇംഗ്ലീഷ്

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഭാഷ ധാരള മായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | • കാർട്ടൂൺ പ്രദർശനം<br>• ക്ലാസ് റൂം സംഭാഷണം<br>• ശില്പശാലകൾ സംഘടിപ്പിക്കൽ | ജൂൺ – മാർച്ച് | SRG<br>ക്ലാസ് അധ്യാപിക |
| 2. | സ്വതന്ത്രവായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക. | • ഇംഗ്ലീഷ് പദക്കാർഡുകൾ വായനക്കാർഡുകൾ<br>• ബാല പ്രസിദ്ധീകരണങ്ങളുടെ വായന<br>• ഇംഗ്ലീഷ് ഡിക്ഷനറി<br>• കടങ്കഥകൾ<br>• പസിലുകൾ | ജൂൺ – ഫെബ്രുവരി | SRG<br>ക്ലാസ് അധ്യാപിക |
| 3. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | • ക്ലാസ് ലൈബ്രറി വികസനം<br>• ആഴചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി<br>• സ്കിറ്റുകൾ, സ്റ്റോറിറ്റെലിംഗ്, ഇംഗ്ലീഷ് മാഗസിൻ, ഇംഗ്ലീഷ് തീയറ്റർ | ജൂൺ – ഫെബ്രുവരി | PTA<br>SRG<br>ക്ലാസ് അധ്യാപിക |
| 4. | സർഗാത്മകരചനാശേഷി വികസനം | • ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കൽ<br>• വായനവേള ഒരുക്കൽ<br>• വായനക്കുറിപ്പ് – പുസ്തക പരിചയം<br>• ഇംഗ്ലീഷ് മാഗസിൻ ക്ലാസ് തലത്തിൽ നിർമ്മിക്കൽ | മാസത്തിലൊരിക്കൽ | SRG<br>PTA |

| | | | | |
|---|---|---|---|---|
| | | • പോസ്റ്ററുകൾ, പ്ലക്കാർഡുകൾ അറിയിപ്പുകൾ ഇംഗ്ലീഷിൽ തയ്യാറാക്കുന്നു പസിലുകൾ, കട ങ്കഥകൾ രചിക്കാനുള്ള അവസരം നൽകൽ | | |
| 5. | സങ്കേതിക വിദ്യ സാധ്യ തകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജ നപ്പെടുത്തുക | • ഇംഗ്ലീഷ് ഭാഷാ വികാസത്തിനായി സാങ്കേ തിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടു ത്തുന്നു. (ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ, ഓഡിയോ - വീഡിയോ ഉറവിടങ്ങൾ)<br>• ഇംഗ്ലീഷ് ക്രാഫ്റ്റ്വർക്ക് വിവരണ വീഡിയോ)<br>• ഇംഗ്ലീഷ് കമ്മ്യൂട്ടിംഗ്<br>• E cube പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | |

# ഗണിതം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | ഗണിത പഠനം രസകരമാക്കൽ (ചതുശ്ക്രീയകൾ ലളിത മാക്കൽ) | • വിവിധതരം കളികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ<br>• (സംഖ്യാചക്രം, ഡയസ് ഏണിയും പാമ്പും കച്ചവടക്കളി) | ജൂൺ – ആഗസ്റ്റ് | SRG<br>ക്ലാസ് അധ്യാപിക |
| 2. | കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ഗണിത മാഗസിൻ<br>• ഗണിത പസിലുകൾ<br>• ജ്യാമതീയരൂപങ്ങളുടെ നിർമ്മാണം | ആഴ്ചയൊരിക്കൽ | SRG<br>ക്ലാസ് അധ്യാപിക |
| 3. | ഗണിത ചിന്താശേഷി വളർത്തൽ | • ഒരു ദിനം ഒരു ചോദ്യം (കുസൃതി പസിലുകളും പരിചയപ്പെടുത്തൽ) ഗണിത ക്യാമ്പ് സംഘടിപ്പിക്കൽ | ജൂൺ – ഫെബ്രുവരി | ക്ലാസ് അധ്യാപിക |
| 4. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക | • ICT സാധ്യതകൾ ഉപയോഗിക്കൽ | ആഴ്ചയിലൊരിക്കൽ | ക്ലാസ് അധ്യാപിക |
| 5. | ഗണിത ലാബ് ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | • ഗണിത ലാബ് ഒരുക്കൽ<br>• പഠനത്തിന് ഉപയോഗപ്പെടുത്തൽ | | SRG |
| 6. | ഗണിത മേള ഗണിത ശേഷികളുടെ പ്രകടനം | • പ്രശ്നോത്തിരിപസിൽ, പറ്റേൺപഠന ഉൽപന്നങ്ങളുടെ പ്രദർശനം | | SRG |

# പരിസര പഠനം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | • പ്രകൃതി നടത്തം<br>• ജൈവ വൈവിധ്യ ഉദ്യാനം<br>• അടുക്കളത്തോട്ടം<br>• പോസ്റ്ററുകൾ, അറിയിപ്പ് ബോർഡുകൾ തയ്യാറാക്കുക | മാസത്തിലൊരിക്കൽ | SRG<br>ക്ലാസ് അധ്യാപിക |
| 2. | ശുചിത്വബോധവും വ്യക്തിശുചിത്വവും ഉള്ള സമൂഹം സൃഷ്ടിക്കുക | • ദിനകൃത്യങ്ങൾ – ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്നു.<br>• ക്ലാസ് തല ശുചിത്വം – മത്സരം<br>• ശുചിത്വസർവേ<br>• പോസ്റ്ററുകൾ, രചനാമത്സരങ്ങൾ | ജൂൺ – സെപ്റ്റംബർ | SRG<br>ക്ലാസ് അധ്യാപിക |
| 3. | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | • ഫീൽഡ് ട്രിപ്പ്<br>• പരിസരമൂല (ശാസ്ത്ര ഉപകരണങ്ങൾ, പഠനസാമഗ്രികൾ എന്നിവ ഉപയോഗിച്ച്)<br>• ആവാസ വ്യവസ്ഥകൾ നിരീക്ഷിക്കുന്നു.<br>• വാനനിരീക്ഷണം (ഡിജിറ്റൽ)<br>• ജീവികളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു.<br>• സയൻസ് ക്ലബ് പ്രവർത്തനങ്ങൾ, സയൻസ് കോർണർ പ്രവർത്തനങ്ങൾ | ജൂൺ – സെപ്റ്റംബർ | SRG<br>ക്ലാസ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | | മെച്ചപ്പെടുത്തുന്നു.<br>• പ്രകൃതി നിരീക്ഷണം | | |
| 4. | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • ശാസ്ത്രപതിപ്പ്<br>• ചാർട്ട്, ആൽബം<br>• പഠനോപകരണ നിർമ്മാണം<br>• പരീക്ഷണങ്ങൾ<br>ഇവയിലൂടെ അറിവുകൾ നിർമ്മിക്കുന്നു. കണ്ടെത്തി പ്രയോഗിക്കുന്നു | മാസത്തിലൊരിക്കൽ | SRG<br>PTA |
| 5. | ഭൂപട വായന | • കേരള ഭൂപട നിരീക്ഷണം<br>• ഭൂപട വായന<br>• ഭൂപട രചന സൂചിക നിർമ്മാണം | ഒക്ടോബർ നവംബർ | SRG<br>ക്ലാസ് അധ്യാപിക |
| 6. | ശാസ്ത്രോത്സവം | • ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട അിറവുകൾ സമൂഹവുമായി പങ്കുവെയ്ക്കുന്നു | വർഷത്തിലൊരിക്കൽ | |

# കലാപഠനം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക | • ബാലസഭ<br>• സർഗ്ഗവേദി<br>• ശില്പശാലകൾ | • ആഴ്ചയിലൊരിക്കൽ<br>• മാസത്തിലൊരിക്കൽ | SRG<br>ക്ലാസ് അധ്യാപിക<br>PTA |
| 2. | ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | • കലാമേളകൾക്കായുള്ള ക്ലാസ്തല പരിശീലനം മത്സരങ്ങൾ | ആഴ്ചയിലൊരിക്കൽ | |
| 3. | ആധുനിക – ശാസ്ത്ര സാങ്കേതി വിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക | • ICT സാധ്യതകൾ ഉപയോഗിച്ചുള്ള പരിശീലനം | ആഴ്ചയിലൊരിക്കൽ | |

# ആരോഗ്യ – കായിക വിദ്യാഭ്യാസം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക | • എയ്റോബിക് പരിശീലനം<br>• ആരോഗ്യ ബോധവൽക്കരണ പരിപാടികൾ<br>• സുംബാ ഡാൻസ്<br>• ഗെയിംസുകളിൽ പങ്കാളിയാക്കുന്നു | • ആഴ്ചയിലൊരിക്കൽ | SRG<br>ക്ലാസ് അധ്യാപിക |

# <u>പ്രവൃത്തി പരിചയം</u>

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളിലെ കരകൗശല സർഗ്ഗാത്മക വാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ | • കരകൗശല പരിശീലനം<br>• ശില്പശാലകൾ<br>• പ്രവൃത്തി പരിചയമേളകൾക്കായുള്ള സ്കൂൾതല പ രിശീലനം | • മാസത്തിലൊരിക്കൽ | SRG<br>PTA |

# ഭൗതികം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | മഴവെള്ള സംഭരണി യുടെ പുനരുദ്ധാരണം | • മഴവെള്ള സംഭരണി പുനരു ദ്ധരിക്കുന്നതിലൂടെ കുടിവെ ള്ളത്തിന്റെ ക്ഷാമം ഇല്ലാതാ ക്കുക. | 6 മാസം | PTA പഞ്ചായത്ത് |
| 2. | മാലിന്യ സംസ്കരണ പ്ലാന്റ് | • ജൈവ മാലിന്യ സംസ്ക രണം ശരിയായ വിധത്തിൽ ഉറപ്പാക്കുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുക. | ഒരു വർഷം | പഞ്ചായത്ത് |

# സാമൂഹികം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | അധ്യാപക – രക്ഷ കർത്തൃ ബന്ധം ശക്തമാക്കൽ | • PTA, MPTA, SMC എന്നിവയിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ<br>• കുട്ടികളുടെ വീട് സന്ദർശനം<br>• പൊതു സ്ഥാപനങ്ങൾ സന്ദർശനം (ലൈബ്രറി, പോസ്റ്റാഫീസ് etc.)<br>• ലൈബ്രറി പുസ്തകങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി രക്ഷകർത്താക്കൾക്ക് വായിക്കാൻ നൽകുകയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്യുന്നു. | മാസത്തിലൊരിക്കൽ | PTA<br>SRG |
| 2. | Say No To Drugs<br>ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാലികളാവുക | • ബോധവത്കരണ ക്ലാസ്<br>• ദിനാചാരണങ്ങളിൽ പങ്കാളികളാവുന്നു | മാസത്തിലൊരിക്കൽ | PTA |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ എല്ലാ കുട്ടികൾക്കും മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണപരമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.
- കുട്ടികളുടെ പഠനവിടവുകൾ പരിഹരിച്ച് മികച്ച അധ്യയനം സാധ്യമാക്കുന്നു.
- വിദ്യാലയ പ്രവേശനിരക്ക് വർദ്ധിക്കുന്നു.
- പരിസ്ഥിതി സൗഹൃദപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പരിസ്ഥിതി സംരക്ഷണം കടമയായി കുട്ടികൾ ഏറ്റെടുക്കുകയും ചെയ്യുന്നു.
- കലാ-കായിക പ്രവൃത്തിപരിചയ മേളകളിൽ കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.
- സ്കൂൾ വികസനത്തിൽ സമൂഹം പങ്കാളികളാവുന്നു.